കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം.പി.5-1244/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കൊല്ലം ജില്ലാ കാര്യാലയം,

തീയതി -10/07/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-17 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക്

അയച്ച തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം.പി.5-1244/17 തീയതി -10/07/2017.

## കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.10.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ-ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.06.2017 മുതൽ 28.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷീബാ കൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എൻ.അജയകുമാർ | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| സെക്രട്ടറി | ബിജു.സി.നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | എം.വിനോദ് കുമാർ | 01.04.2016മുതൽ 31.03.2017വരെ |
| വെറ്റിനറി സർജൻ | ഡോ.രശ്മി | 01.04.2016 മുതൽ 09.11.2016 വരെ |
| | ഡോ.രശ്മി | 10.11.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.വിനോദ് | 01.04.2016 മുതൽ 29.06.2016 വരെ |
| | ഡോ.ഷേർളി | 30.06.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സി.ഡി.മനോജ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഹരി നമ്പൂതിരി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ജയശ്രീ.എം.എം. | 01.04.2016 മുതൽ 31.03.2017 വരെ |
| | സുജിത്ത് .എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി,ഡി.എസ് സൂപ്പർ വൈസർ | ജമീല | 01.04.2016 മുതൽ 31.08.2016 വരെ |
| | സ്വപ്ന | 01.09.2016 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | ബിന്ദു.ബി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ബാബു. ആർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദീപാമോൾ.വി | 01-04-16 മുതൽ<br>11-08-16 വരെ |
| | വിനോദ്.ആർ.എസ് | 11-08-16AN മുതൽ<br>31-03-17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | ഇ-ടെണ്ടർ മുഖേന മരാമത്ത് പണികൾ ടെണ്ടർ ഫീ ഒടുക്കിയില്ല | 2-1 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 14 | മതിയായ രേഖകളുടെ അഭാവത്തിൽ ഡി ആന്റ് ഒ ലൈസൻസ് നൽകി | 2-3 |
| 15 | സഹകരണ ബാങ്കിൽ നില നിൽക്കുന്ന തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല | 2-4 |
| 16 | സൈക്കിൾ വാങ്ങി നൽകൽ – ഒരു കുട്ടിക്ക് 2 സൈക്കിൾ നൽകി | 3-1 |
| 17 | ആയുർവേദാശുപത്രിയിൽ മരുന്നു ലഭ്യമായില്ല | 3-2 |
| 18 | ഷീ പാഡ് പദ്ധതി നിർവ്വഹണം ആരംഭിച്ചില്ല | 3-3 |
| 19 | കടത്ത് കൂലിയിനത്തിൽ 9315/- രൂപ അധികം നൽകി-ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് അടവാക്കി | 3-4 |
| 20 | വി.ഇ.ഒ ആദിച്ചനല്ലൂർ സർക്കിൾ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 21 | ഡെപ്പോസിറ്റ് വർക്ക് നിർവ്വഹണത്തിലെ അപാകതകൾ സെന്റേജ് ചാർജ് അധികം നൽകി | 3-6 |
| 22 | തെരുവ് വിളക്ക് അടാട്ട്മോഡൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-7 |
| 23 | വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സം | 3-8 |
| 24 | പാലിയേറ്റീവ് പരിചരണം മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായില്ല | 3-9 |
| 25 | മരാമത്ത് പണികൾക്കുള്ള ബിറ്റുമിൻ വാങ്ങൽ | 3-10 |

| | | |
|---|---|---|
| 26 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്ന് ലഭ്യമായില്ല | 3-11 |
| 27 | പത്താം തരം തുല്യത ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-12 |
| 28 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായില്ല | 3-13 |
| 29 | തെരുവ് വിളക്ക് -ഉപയോഗിക്കാത്ത കറന്റ് ചാർജിന് ബിൽ ഒടുക്കി | 3-14 |
| 30 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്-നിർവ്വഹണത്തിൽ അപാകതകൾ | 3-15 |
| 31 | എസ്.സി.യുവാക്കൾക്ക് ഓട്ടോറിക്ഷ-രേഖകളുടെ അഭാവത്തിൽ നൽകി | 3-16 |
| 32 | പശു വളർത്തൽ പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ | 3-17 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

| | | |
|---|---|---|
| | | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 28-03-2016 തിയതിയിലെ I തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 16-06-2017 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 24-06-2017 | KSA.KLM.P /17 dt. |

1)ബാലൻസ് ഷീറ്റ്-ബി-18ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ 15,00,000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്, എന്നാൽ തൻവർഷ പ്രോജക്ട് പ്രകാരം 11,27,443/-രൂപ മാത്രമേ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ളൂ.

2) ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച, ചെലവഴിച്ച 1202480/-രൂപ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

3)സ്റ്റോക്കിന്റെ മൂല്യം കണക്കാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25443103 |
| വരവ് | 61680972 |
| ആകെ | 87124075 |
| ചെലവ് | 57140502 |
| നീക്കിയിരിപ്പ് | 29983573 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 10854456 | 10854456 | 10854456 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 5155286 | 5155286 | 5155286 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 69474 | 69474 | 69474 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1994024 | 1994024 | 1994024 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 2717908 | 2717908 | 2717908 | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 5431592 | 5431592 | 5431592 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | 3704387 | 3704387 | 3704387 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2994 | 1132669 | 1135663 | 1099906 | 35757 | 97.10 |
| ബി ഫണ്ട് | - | 632880 | 632880 | 632880 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 66179551 | 85 | 41590506 | 55 | 11 | 56.29 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6238494 | 9834559 | 3596065 | (+)58 |
| നികുതിയേതര വരവുകൾ | 1803368 | 1883155 | 79787 | (+)4 |
| മറ്റുവരവുകൾ | 10086569 | 11065676 | 979107 | (+)10 |
| ആകെ | 19153171 | 22783390 | 3630219 | (+)19 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 512880 | 588 |
| കർഷകതൊഴിലാളി പെൻഷൻ | 1522420 | 7 |
| വിധവാപെൻഷൻ | 17002210 | 98 |
| വാർദ്ധക്യകാലപെൻഷൻ | 26437635 | 895 |
| വികലാംഗപെൻഷൻ | 4338310 | 33 |
| 50വയസ്സ്കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 256890 | 27 |
| വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-06-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10888/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിന് തൻ വർഷം മുതൽ അടാട്ട് മാതൃകയാണ് തുടർന്നതെങ്കിലും ആയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. അടാട്ട് മാതൃക പിന്തുടരുന്ന പഞ്ചായത്തിൽ ഇപ്പോഴും ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജിനത്തിൽ പ്രതിമാസം 58,745/- രൂപ നൽകി വരുന്നുണ്ട്. എന്നാൽ ഓർഡിനറി ബൾബുകൾ ഉപയോഗത്തിലില്ലായെന്നത് വ്യക്തമാണ്. ആയതിനാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന കറന്റിന് മാത്രം ചാർജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-05-17 മുതൽ 17-05-17വരെ | 2017 മാർച്ച് | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-04-2008 മുതൽ 30-04-08 വരെ | 1997-98 മുതൽ 2007-08 വരെ | 20-06-2008 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 (1) ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പണികൾ- ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല.

2016-17 -ൽ വിവിധ മരാമത്ത് പണികളുടെ ഇ-ടെണ്ടറിൽ നിന്നും ടെണ്ടർ ഫോറം വിലയിനത്തിൽ 43,610/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഫണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | എസ്റ്റിമേറ്റ് തുക | ടെണ്ടർ ഫീ |
|---|---|---|---|
| 1. | 58/17-പഴയ പോസ്റ്റോഫീസ് ജം.-ബക്കിൾ ഫാക്ടറി റോഡ് റീട്ടാറിംഗ് | 6,93,100 | 4,410 |
| 2. | 82/17-കൊട്ടിയം മാർക്കറ്റ് നവീകരണം | 14,24,000 | 10,500 |
| 3. | 119/17-തറവാട് ജം.കുറ്റിക്കാട്ടുവിള റോഡ്കോൺക്രീറ്റിംഗ് | 5,59,000 | 10,080 |
| 4. | 138/17-പി.എച്ച്.സി.കെട്ടിടം അറ്റകുറ്റപ്പണി | 5,73,000 | 2,850 |
| 5. | 145/17-ഡാൻ വയർകട്ട് ബ്രിക്സ് മുതൽ മഞ്ചാടി റോഡ്കോൺക്രീറ്റിംഗ് | 6,22,508 | 5,480 |
| 6. | 148/17-കൊട്ടുവിള ടെമ്പിൾ-വെളിച്ചിക്കാല വയൽ റോഡ്കോൺക്രീറ്റിംഗ് | 6,59,100 | 5,880 |
| 7. | 150/17-കുണ്ടുമൺ ചിറക്കരക്കുഴി റോഡ് സൈഡ് വാൾ നിർമ്മാണം | 7,00,000 | 4,410 |
| | ആകെ | | 43,610 |

43,610/- രൂപയിൽ വാറ്റ് ഇനത്തിലുള്ള തുക ഒഴികെ ബാക്കി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക്

മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതും വാറ്റ് സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് ആക്ട് 3(2) മുതൽ (11)വരെ) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2016- 17 സാമ്പത്തിക വർഷം വിവിധ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 2016- 17 |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I & II |
| 2 | ശ്രീനാരായണ ട്രസ്റ്റ് പ്രൈവറ്റ് ഐ ടി ഐ കൊട്ടിയം | I & II |
| 3 | ഓക്സിലിയം ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൊട്ടിയം | II |
| 4 | സൗത്ത് ഇന്ത്യൻ ബാങ്ക്, കൊട്ടിയം | I & II |
| 5 | ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് കോർപ്പറേറ്റീവ് ബാങ്ക് | I & II |
| 6 | പോപ്പുലർ ഫിനാൻസ്, കൊട്ടിയം | II |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് , കൊട്ടിയം | II |
| 8 | നെഹ്റു മെമ്മോറിയൽ പബ്ലിക് സ്കൂൾ, കൈതക്കുഴി | I & II |
| 9 | ഡോ.ബിജോയ്സ് ഹോസ്പിറ്റൽ കൊട്ടിയം | I & II |
| 10 | ഗ്രീൻ ലാന്റ് പേപ്പർ മിൽസ് ലിമിറ്റഡ് | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.13/23.06.17) ക്രമനം. 4, 6, 7, 8 എന്നീ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി മറുപടി നൽകി എങ്കിലും ആയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 മതിയായ രേഖകളുടെ അഭാവത്തിലും ഡി & ഒ ലൈസൻസ് നൽകി

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലിയറൻസ് വാങ്ങേണ്ടതുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തേക്ക് ഡി & ഒ ലൈസൻസ് നൽകിയ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിനും അഗ്നിശമന സേനയുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിനും നടപ്പു സാമ്പത്തിക വർഷാവസാനം വരെ കാലാവധിയുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ലൈസൻസ് നമ്പരും തീയതിയും | ക്ലിയറൻസ് സർട്ടിഫിക്കറ്റ്-ഇനം | കാലാവധി |
|---|---|---|---|---|
| 1 | മേലതിൽ ആട്ടോമൊബൈൽസ്, മൈലക്കാട്. | A11.127/363/16/ 07.06.16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം | 30.06.16 വരെ. |
| 2 | കിംസ് കൊല്ലം മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഇന്ത്യാ പ്രൈ.ലിമിറ്റഡ്, കൊട്ടിയം. | A11.766/16 | അഗ്നിശമന സേനയുടെ നിരാക്ഷേപ സാക്ഷ്യപത്രം | 16.11.16 വരെ. |
| 3 | കിംസ് കൊല്ലം മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഇന്ത്യാ പ്രൈ.ലിമിറ്റഡ് റസ്റ്റോറന്റ്, കൊട്ടിയം. | A11.2886/16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം | 31.12.16 വരെ. |

കൂടാതെ ശ്രീ.എൻ.സതീക്ക്, കെ.ലക്ഷ്മണൻ & കമ്പനിയുടെ 04.03.16 ലെ അപേക്ഷ പ്രകാരം ഡി ആന്റ് ഒ ലൈസൻസ് (നം.A11.1940/16-17) നൽകിയിട്ടുണ്ട്. ടിയാൻ അപേക്ഷയോടൊപ്പം ഹാജരാക്കിയ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ നിഷ്കർഷിച്ചിട്ടുള്ള 2.4 മുതൽ 2.6 വരെയുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം.11/22.06.17) വിശദമായി അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട ശേഷമാണ് ഡി ആന്റ് ഒ ലൈസൻസ് നൽകിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ടി അന്വേഷണത്തിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇത്തരത്തിൽ അവശ്യമായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകുന്ന പ്രവണത ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2-4** <u>സഹകരണ ബാങ്കിൽ നിലനിൽക്കുന്ന തനത് ഫണ്ട് അക്കൗണ്ടിന് അർഹമായ പലിശ ലഭിക്കുന്നില്ല</u>

തനത് ഫണ്ടിനായി ആരംഭിച്ചിട്ടുള്ള ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 11205ൽ 31-3-17 ലെ നീക്കിയിരിപ്പായി 5,380,976/- രൂപയുണ്ടെങ്കിലും തൻ വർഷം പലിശ വരവൊന്നും വന്നിട്ടില്ല. എന്നാൽ തനത് ഫണ്ടിനായി ആരംഭിച്ചിട്ടുള്ള കാനറാ ബാങ്കിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.154810103l978-ൽ നിയമാനുസൃതമായ പലിശ ലഭിച്ചിട്ടുണ്ട്. മുൻ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പരാമർശമായിട്ടും നാളിതുവരെ അർഹമായ പലിശ ലഭ്യമാക്കുന്നതിനുള്ള നടപടികളൊന്നും സ്വികരിച്ചതായി കാണുന്നില്ല.

അർഹമായ കാലയളവിലേക്കുള്ള നിയമാനുസൃത നിരക്കിലുള്ള പലിശ മുതൽ കൂട്ടി ലഭിക്കുന്നതിനുള്ള നടപടി വിവരം സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അർഹമായ പലിശ ലഭ്യമാക്കാത്ത സാഹചര്യത്തിൽ സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്ന മേൽ അക്കൗണ്ടുകൾ അർഹമായ പലിശ ലഭ്യമാക്കുന്ന ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>സൈക്കിൾ വാങ്ങി നൽകൽ-ഒരു കുട്ടിക്ക് രണ്ട് സൈക്കിൾ നൽകി</u>

8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകുവാനായി തയ്യാറാക്കിയ പദ്ധതിയാണ് പ്രോജക്ട് നം. 43/17. പദ്ധതിയ്ക്കായി വികസനഫണ്ട് (എസ്.സി.പി)-യിൽ നിന്നും 6,30,000/-രൂപ വകയിരുത്തിയതിൽ നിന്നും 74,135/-രൂപ (ബിൽ നം. 2/16-17/30-03-17) ചെലവഴിച്ചു.

പഞ്ചായത്ത് പരിധിയിൽ വരുന്ന 7 സ്കൂളിലെ കുട്ടികൾക്കാണ് സൈക്കിൾ നൽകിയിട്ടുള്ളത്. 125 സൈക്കിൾ (67 ആൺകുട്ടികൾ, 58 പെൺകുട്ടികൾ) വാങ്ങി വിതരണം ചെയ്തതിൽ കുമാരി.പാർവ്വതി.കെ.ഒ എന്ന വിദ്യാർത്ഥിനി 2 സൈക്കിൾ കൈപ്പറ്റിയിട്ടുണ്ട്. ചാത്തന്നൂർ എൻ.എസ്.എസ്.എച്ച്.എസ്.എസ് ലെ വിദ്യാർത്ഥിനിയാണ് പാർവ്വതി, ടി സ്കൂളിലെ പ്രഥമാധ്യാപികയുടെ സർട്ടിഫിക്കറ്റിന്റെ കൂടി അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സൈക്കിൾ നൽകിയിട്ടുള്ളത്.

സർക്കാർ ഉത്തരവ്(സാധാ)നം.2464/16/ത.സ്വ.ഭ.വ/17-08-16 പ്രകാരം ടി ആനുകൂല്യം കൈപ്പറ്റുന്ന കുട്ടികൾ പട്ടിക ജാതി വികസന വകുപ്പിൽ നിന്നും സൈക്കിൾ ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അതത് സ്കൂൾ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 19/16-17/ 27-06-17) ഒരാൾക്ക് 2 സൈക്കിൾ നൽകിയ പോരായ്മ പരിഹരിക്കുന്നതിന് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഉചിത തീരുമാനമെടുത്ത് മറ്റൊരു കുട്ടിക്ക് കൊടുക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതും അർഹയായ കുട്ടിക്ക് സൈക്കിൾ നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല- 53001/-രൂപാ തടസ്സം

ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധിക്കായി ആയുർവേദ മെഡിക്കൽ ഓഫീസറെ നിർവ്വഹണോദ്യോഗസ്ഥനായി നിശ്ചയിച്ച് മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 700000/-രൂപ വകയിരുത്തി (പ്രോജക്ട് നം. 19/17) ടി തുക (ബിൽ നം.2/16-17/27-10-16) ഔഷധിക്ക് നൽകിയെങ്കിലും(ഡി.ഡി. നം. 358442/31-10-16) പ്രകാരം മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല. 6,46,999/-രൂപയുടെ മരുന്നുകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ലഭ്യമായിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 4/17-06-17) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. മേൽ സാഹചര്യത്തിൽ ലഭ്യമാക്കാനുള്ള മരുന്നിന്റെ വിലയായ 53001/-രൂപായുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-3 ഷീപാഡ്-പദ്ധതി നിർവ്വഹണം ആരംഭിച്ചില്ല-വനിതാ കോർപ്പറേഷന് നൽകിയ 99999/- രൂപ തടസ്സപ്പെടുത്തുന്നു

പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങൾക്ക് പരിഹാരം, ശുചിത്വനിവാരണം എന്നീ ലക്ഷ്യങ്ങളോടെ ഐ.സി.ഡി.എസ് സൂപ്പർവൈസറെ നിർവ്വഹണോദ്യോഗസ്ഥയായി നിശ്ചയിച്ച് നടപ്പിലാക്കുവാനുദ്ദേശിച്ച പദ്ധതിയാണ് 'ഷീപാഡ് '(പ്രോജക്ട് നം.22/17, അടങ്കൽ-199998/- രൂപ വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്). കേരള സംസ്ഥാന വനിതാ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശിച്ച ടി പദ്ധതിക്ക് വേണ്ടി 99999/-രൂപ (ബിൽ നം.3/16-17 /01-12-2016) മുൻകൂറായി വനിതാ കോർപ്പറേഷന് നൽകിയെങ്കിലും നാളിതുവരെ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആദിച്ചനല്ലൂർ ഗവൺമെന്റ് യു.പി.എസ്, പഞ്ചായത്ത് യു.പി.എസ് എന്നീ സ്കൂളുകളെ ടി പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി തെരഞ്ഞെടുക്കുകയും ആയതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിർവ്വഹണോദ്യോഗസ്ഥ പൂർത്തിയാക്കുകയും ചെയ്ത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50% തുക മുൻകൂർ നൽകുകയും(ഡി.ഡി.നം.358912/23-12-2016)ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം ആരംഭിക്കാത്തത് സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ കത്ത് നൽകിയതിന് കോർപ്പറേഷൻ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയ ഏജൻസിയുമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ കാലതാമസം വരുമെന്ന് അറിയിച്ചിരിക്കുന്നു.

കേരള സംസ്ഥാന വനിതാ കോർപ്പറേഷനുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് ഓഡിറ്റന്വേഷണം നം. 3/16-17/17-06-17 പ്രകാരം ആവശ്യപ്പെട്ടപ്പോൾ താമസിയാതെ പരിശോധനയ്ക്ക് ഹാജരാക്കാം എന്നറിയിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കും വരെ ഷീ പാഡ് പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന വനിതാ കോർപ്പറേഷന് നൽകിയ 99999/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-4 കടത്ത് കൂലിയിനത്തിൽ 9315/-രൂപാ അധികം നൽകി-ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടച്ചു

അംഗനവാടി പോഷകാഹാരം (പ്രോജക്ട് നം.5/16-17) പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 2300000/-രൂപയും കേന്ദ്രാവിഷ്കൃത വിഹിതമിനത്തിൽ 700000/-രൂപയും വകയിരുത്തിയിരുന്നു.

ടി പദ്ധതിക്ക് വേണ്ടി സാധനങ്ങൾ എത്തിക്കുന്നതിനുള്ള ക്വട്ടേഷൻ 1രൂപ 50പൈസക്ക് ശ്രീ.മോഹനൻപിള്ള എന്ന വ്യക്തിയാണ് പിടിച്ചിരുന്നത്. സപ്ലൈകോയിൽ നിന്നും സാധനങ്ങൾ എത്തിച്ചതിന് കടത്ത് കൂലി നൽകിയപ്പോൾ 9315/-രൂപ ടിയാന് അധികം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനം / തീയതി | സപ്ളൈകോ ബിൽ | നൽകിയ കടത്ത് കൂലി | നൽകേണ്ടിയിരുന്നത് | അധികം നൽകിയ തുക |
|---|---|---|---|---|
| 2/16-17/1-12-16 606045/-രൂപ | 16892/24-09-16 189453/-രൂപ | 5350 | 3325 | 2025 |
| 11/16-17/07-03-17 465452/-രൂപ | 161585/22-02-17 284858/-രൂപ | 9339 | 5785 | 3554 |
| 16/16-17/25-03-17 479916/-രൂപ | 161724/20-03-17 298635/-രൂപ | 9682 | 6891 | 2791 |
| 8/16-17/17-02-17 240688/-രൂപ | 161231 /13-12-16 | 3838 | 2893 | 945 |

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നം. 2/16-17/17-06-17 നൽകിയതിന്' സപ്ലൈകോ ബില്ലിൽ എള്ളുണ്ടയുടെ അളവിന് നേരെ കിലോഗ്രാം എന്ന് രേഖപ്പെടുത്തിയിരുന്നത് യഥാർഥത്തിൽ എണ്ണമായിരുന്നുവെന്നും പരിചയക്കുറവ് കൊണ്ട് സംഭവിച്ചതാണെന്നും അറിയിച്ചു. '20-06-2017ലെ 117020101693-ാം നമ്പർ രസീതിൻ പ്രകാരം ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കുകയും ചെയ്തു. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 വി.ഇ.ഒ ആദിച്ചനല്ലൂർ സർക്കിൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

<u>വീട് പുനരുദ്ധാരണം-പ്രോജക്ട് നം 54/17</u>

പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 1000000/-രൂപ വകയിരുത്തിയതിൽ 620000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9 ഗുണഭോക്താക്കൾക്ക് വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖകളുടെ അഭാവത്തിലാണ് തുക അനുവദിച്ചത്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നം. 8/16-17/21-06-17 നൽകിയതിന് 7 ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയത് ഹാജരാക്കുകയും ബാക്കിയുള്ളവ നേരിട്ട് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ആനുകൂല്യം നൽകിയതെന്ന് അറിയിക്കുകയും ചെയ്തു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>സാനിട്ടറി യൂണിറ്റ്-പ്രോജക്ട് നം.2/17</u>

പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 1955800/-രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | മിനി സൈമൺ, സുധീഷ് പാലസ് | II | 12000 |
| 2 | സുജാത,ശിവൻനട പടിഞ്ഞാറ്റതിൽ | XVI | 12000 |
| 3 | സുനിൽ, സുമി ഭവനം | XVI | 12000 |
| 4 | ഉഷാദേവരാജൻ, ചിറക്കരവീട് | XVIII | 12000 |

മേൽ ഗുണഭോക്താക്കളെക്കൊണ്ട് അടിയന്തിരമായി നിർമ്മാണം പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിക്കുന്നതായിരിക്കും.

## 3-6 <u>ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിലെ അപാകതകൾ- സെന്റേജ് ചാർജ് അധികം നൽകി</u>

30.7.2014-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(പി)311/14 ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകാവുന്ന സെന്റേജ് ചാർജ് 8% ആണ്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രവൃത്തികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, കൊല്ലം മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് അവരുടെ എസ്റ്റിമേറ്റുകൾ പ്രകാരം ഒടുക്കിയ തുകകളിൽ സെന്റേജ് ചാർജിനത്തിൽ അധികം തുക ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട്നം/ പേര് | ഒടുക്കിയ തുക | പി.എ.സി. | സെന്റേജ് ചാർജ്ജ് | നൽകേണ്ട സെന്റേജ് | അധികം ഒടുക്കിയ | ബിൽ / ചെക്ക് |
|---|---|---|---|---|---|---|---|

| | | | | | ചാർജ്ജ് | സെന്റേജ് ചാർജ്ജ് | നം. |
|---|---|---|---|---|---|---|---|
| 1. | 166/17-സി.പി.കട ജം.-ആറാട്ടമ്പലം പി.എച്ച് വരെ പഴയ എ.സി.പൈപ്പ് മാറ്റി 110mm പി.വി.സി.പൈപ്പ് ലൈൻ സ്ഥാപിക്കൽ | 277460 | 246631 | 30829 | 19730 | 11099 | 2133906/ 16.3.17 |
| 2. | 166/17-ആറാട്ടമ്പലംനോർത്ത്റോഡ്-ഗണപതി ക്ഷേത്രം ഓഡിറ്റോറിയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 459983 | 408874 | 51109 | 32710 | 18399 | -ടി- |
| 3. | 168/17-കുമ്മല്ലൂർ കോളനിയിലേയ്ക്കുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 101000 | 87112 | 10889 | 6969 | 3920 | 25/16-17/ 31.3.17 |
| 4. | 168/17-എടത്തുമൂല കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 289000 | 250402 | 31300 | 20032 | 11268 | -ടി- |
| | ആകെ | | | | | 44685 | |

കൂടാതെ ടി സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15% -ൽ കവിയാതെ 5 ഗഡുക്കളായും ആണ് നല്കേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി മുഴുവൻ തുകയും ആദ്യം തന്നെ നൽകി. 11.1.2016-ലെ സ.ഉ.(എം.എസ്.)4/2016 ത.സ്വ.ഭ.വ നംപർ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന വ്യവസ്ഥ പാലിച്ചില്ല. ചെലവഴിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/22.6.17-ന്, തുക 2017 മാർച്ചിൽ നൽകിയില്ലെങ്കിൽ നഷ്ടമാകുമെന്നതിനാലാണ് മുഴുവൻ തുകയും നൽകിയതെന്നും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായതിനാലാണ് കരാർ വയ്ക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ 44,685/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-7 തെരുവുവിളക്ക് പരിപാലനം (അടാട്ട്മോഡൽ) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ്(നം.74/17) പ്രകാരം 3,13,818/-രൂപയുടെ വിവിധ വൈദ്യുതോപകരണങ്ങൾ വാങ്ങുകയും ദിവസ വേതനക്കാർക്കുള്ള വേതനമായി 54,758/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത്

ഡയറക്ടറുടെ 17.8.2015-ലെ ജി2/44274/15 ഉത്തരവ് പ്രകാരം അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള പൊതുമാർഗ്ഗരേഖ പ്രകാരമാണ് തൻ വർഷം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ തെരുവുവിളക്കുകളുടെയും വിവരം വാർഡ് അടിസ്ഥാനത്തിൽ പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവ ദിവസ വേതനക്കാർ മുഖേന വിതരണം ചെയ്യുകയോ നീക്കിയിരിപ്പ് കാണിക്കുകയോ ചെയ്തിട്ടില്ല.
3.കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

5.ദിവസ വേതനക്കാരുടെ ഹാജർ വിവരം സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/20.6.17-ന് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം ചെലവ് ചെയ്ത തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ്നം/പേര് | ചെലവഴിച്ച തുക | ഫണ്ടിനം | കൈപ്പറ്റിയ സ്ഥാപനം | ബിൽ/ചെക്ക് നം. |
|---|---|---|---|---|---|
| 1. | 3/17-SSA വിഹിതം നൽകൽ | 2511313 | വികസനഫണ്ട്(ജനറൽ) | SSA ജില്ലാപ്രോജക്റ്റ് ഓഫീസർ | 10/16-17 /23.12.17 |
| 2. | 152/17-IAY,PMAY അധികവിഹിതം | 1500000 | വികസനഫണ്ട്(SCP) | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 18/16-17 /23.3.17 |
| 3. | 165/17-സമ്പൂർണ്ണ വൈദ്യുതീകരണം | 234278 | തനത് ഫണ്ട് | KSEB | 2133908 /18.3.17 |
| | ആകെ | 4245591 | | | |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 42,45,591/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് പരിചരണം- മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം പ്രോജക്റ്റ് നം.23/17 (പ്രകാരം സാന്ത്വന പരിചരണ രോഗികൾക്ക് വിവിധ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ബിൽ നം.3/16-17/27.1.17 മുഖേന 2,42,200/- രൂപയും വിവിധ തരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബിൽ നം. 4/16-17

/25.2.17, ബിൽ നം. 7/16-17/25.3.17 എന്നിവ മുഖേന 4,87,851/- രൂപയും വികസന ഫണ്ടിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 1,19,952/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

### 3-10 <u>മരാമത്തു പണികൾക്കുള്ള ബിറ്റുമിൻ വാങ്ങൽ **-85466/-** രൂപ അധികം നൽകി</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെട്ട ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾക്കാവശ്യമായ 236 ബാരൽ ബിറ്റുമിൻ(vg-30), 25 ബാരൽ എമൽഷൻ എന്നിവ കരാറുകാർക്ക് വാങ്ങി നൽകുന്നതിനായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം ആകെ 15,11,673/- രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും പിൻവലിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും ചെക്ക് നം.2935201/30.3.2017 മുഖേന സെക്രട്ടറിക്ക് കൈമാറിയ ടി തുക സെക്രട്ടറിയുടെ സ്പെഷ്യൽ റ്റി.എസ്.ബി.യിൽ നിക്ഷേപിക്കുകയും അതിൽ നിന്നും 14,43,048/- രൂപ ടാർ വാങ്ങുന്നതിനായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് ചെക്ക് നം. 2935201/30.3.2017 മുഖേന നൽകുകയും ചെയ്തു. ബി.പി.സി.എല്ലിന്റെ വിവിധ ഇൻവോയിസുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം 236 ബാരൽ ബിറ്റുമിൻ(vg-30), 25 ബാരൽ എമൽഷൻ എന്നിവയ്ക്ക് ആകെ 13,57,582/- രൂപയാണ് ചെലവായിട്ടുള്ളത്. ബി.പി.സി.എല്ലിന്റെ പക്കലുള്ള ബാക്കി 85,466/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറിയുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ബിറ്റുമിൻ വാങ്ങുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച തുകയിൽ 68,625/-(15,11,673-14,43,048) രൂപ തൻ വർഷം നീക്കിയിരിപ്പുണ്ട്.

### 3-11 <u>ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭ്യമായില്ല</u>

മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ്(നം. 94/17) പ്രകാരം ഹോമിയോ ആശുപത്രിയ്ക്ക് വിവിധ മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം. 2/16-17/23.1.17 മുഖേന മെയിന്റനൻസ് ഫണ്ടിൽ(നോൺ റോഡ്) നിന്നും 1,00,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്(ഡി.ഡി. നം. 359046/23.1.17). എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. രേഖകകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 3-12 <u>പത്താംതരം തുല്യത-ചെലവ് രേഖകൾ ഹാജരാക്കിയില്ല**-33600/-**തടസ്സം</u>

പത്താംതരം തുല്യത(പ്രോജക്ട് നം.42/17) പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 50000/-രൂപ വകയിരുത്തിയതിൽ നിന്ന് ട്രഷറി ചെക്ക് നം. SB XYNo. 2935210/31-03-2017 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി

തുകയുടെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 19/16-17/27-06-17) രേഖകൾ കിട്ടുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1. സാക്ഷരതാ മിഷനിൽ പഠിതാക്കളെ രജിസ്റ്റർ ചെയ്ത രേഖകൾ
2.സംസ്ഥാന പരീക്ഷാ ബോർഡിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ
3.പരിശീലനം നൽകിയതിന്റെ രേഖകൾ
4.പരീക്ഷ എഴുതിയത് സംബന്ധിച്ച രേഖകൾ
5.വിനിയോഗ സാക്ഷ്യപത്രം

രേഖകൾ ഹാജരാക്കും വരെ ഈയിനത്തിൽ ചെലവഴിച്ച 33600/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 പി.എച്ച്.സി. യ്ക്ക് മരുന്നുവാങ്ങൽ- മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം. 21/17 പ്രകാരം പി.എച്ച്.സി.യ്ക്ക് വിവിധ മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം. 2/16-17/20.1.17 മുഖേന 6,00,000/- രൂപ മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്.(ഡി.ഡി. നം. 359036/20.1.17). എന്നാൽ നാളിതുവരെയും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകും വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-14 തെരുവ് വിളക്ക് പരിപാലനം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബികൾക്ക് കറന്റ് ചാർജ്ജ് നൽകുന്നു.

2016-17 വർഷത്തിൽ ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് ഈടാക്കി വരുന്നതായി സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു.

പഞ്ചായത്തിൽ 2013-2014 വർഷത്തിലാണ് അവസാനമായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയത്. ഈ പരിശോധനാ റിപ്പോർട്ട് പ്രകാരം 1045 സാധാരണ ബൾബുകൾക്ക് പ്രതിമാസം 58,745/- രൂപ നല്കേണ്ടതുണ്ട്. ഇതുൾപ്പടെ നിലവിൽ 1,49,013/- രൂപ പ്രതിമാസം കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ തെരുവുവിളക്കുകളുടെ പരിപാലനം അടാട്ട് മാതൃകയിൽ കൈകാര്യം ചെയ്യുന്ന പഞ്ചായത്തിൽ സാധാരണ ബൾബുകൾ ഉപയോഗിക്കുന്നില്ല. ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കിക്കൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാകുന്നു. ആയതിനാൽ എത്രയും വേഗം കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കെ.എസ്.ഇ.ബിയിൽ നിന്ന് റിപ്പോർട്ട് ലഭിക്കാതിരിക്കുകയോ

അധികം ഈടാക്കിയ തുക ക്രമീകരിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കുകയൊ ചെയ്യുന്ന പക്ഷം നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**3-15** എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-മതിയായ രേഖകളുടെ അഭാവത്തിൽ ആനുകൂല്യ വിതരണം-**46700/-**രൂപ തടസ്സം

പ്രോജക്ട് - എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

പ്രോജക്ട്നം - 17/16-17

നിർവ്വഹണം - അസി.സെക്രട്ടറി

അടങ്കൽ - 8,25,000/-(വികസനഫണ്ട് എസ്.സി.പി)

ചെലവ് - 6,30,450/-(ബിൽ നം.4/16-17/25-03-17)

പദ്ധതിയുടെ ഭാഗമായി 27 കുട്ടികൾക്ക് ഓർബിറ്റ് വയർലെസ്സ് വേൾഡ് എന്ന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് 23,350/-രൂപ നിരക്കിൽ ലാപ് ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഗുണഭോക്താവായ കുമാരി.അഭിരാമി സുരേഷിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേയിനത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. മറ്റൊരു ഗുണഭോക്താവായ ശ്രീ.വിനീത്.ബി.രാജ് ഇത്തിക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ ടിയാന് വകുപ്പിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് ധനസഹായം കിട്ടിയിട്ടില്ലായെന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം. 18/16-17/27-06-17) മതിയായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മതിയായ രേഖകൾ ഹാജരാക്കും വരെ മേൽ രണ്ട് ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 46,700/- തടസ്സത്തിൽ വയ്ക്കുന്നു.

**3-16** എസ്.സി.യുവാക്കൾക്ക് ഓട്ടോറിക്ഷ വിതരണം-മതിയായ രേഖകളുടെ അഭാവത്തിൽ ആനുകൂല്യം നൽകി **-1,00,000/-**രൂപ തടസ്സം

എസ്.സി.യുവാക്കൾക്ക് ഓട്ടോറിക്ഷ വിതരണം നടത്തുവാനായി അസിസ്റ്റന്റ് സെക്രട്ടറി സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് പ്രോജക്ട് നം. 45/16-17. വികസനഫണ്ടിൽ നിന്നും 3,50,000/-രൂപയും ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയിനത്തിൽ 10,00,000/-രൂപയും വകയിരുത്തിയിരുന്ന പദ്ധതിക്ക് വേണ്ടി തൻവർഷം 2

ഗുണഭോക്താക്കൾക്ക് ഓട്ടോ വാങ്ങുവാൻ സബ്സിഡി നൽകുന്നതിന് വേണ്ടി 1,00,000/-രൂപ ചെലവഴിച്ചു.

ശ്രീ.സുരേശ്.എസ് എന്ന ഗുണഭോക്താവിന് 1,70,000/-രൂപ പ്രൊവിഷണലായി ലോൺ അനുവദിച്ചു എന്ന യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ മാനേജരുടെ കത്തിൻ പ്രകാരം സബ്സിഡി (ബിൽ നം.5/16-17/25-03-2017)അനുവദിച്ചു. ശ്രീ.അശോക് കുമാർ.ജി എന്ന ഗുണഭോക്താവിന് 1,78,999/-രൂപാ പ്രൊവിഷണലായി ലോൺ അനുവദിച്ചു എന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മാനേജരുടെ കത്തിൻപ്രകാരം സബ്സിഡി തുക 50000/- രൂപ (ബിൽ നം.6/16-17തീയതി.30-03-2017) അനുവദിച്ചു നൽകി.

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1)മേൽ രണ്ടു ഗുണഭോക്താക്കളും ഓട്ടോറിക്ഷ വാങ്ങി എന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടിയാളുകളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ (ആർ.സി.ബുക്ക്), ലോൺ അക്കൌണ്ട് പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ശ്രീ.സുരേഷിന്റെ ബാഡ്ജിന്റെ കാലാവധി 23-06-2016 ൽ അവസാനിച്ചിട്ടുള്ളതാണ്, ബാഡ്ജ് പുതുക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3) ശ്രീ.അശോക് കുമാർ ഹാജരാക്കിയിട്ടുള്ള ലൈസൻസ് 30-12-1987 ൽ ഇഷ്യൂ ചെയ്തിട്ടുള്ളതാണ്, പുതുക്കിയ ലൈസൻസ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 18/16-17/ തീയതി.27-06-17)രേഖകൾ ഹാജരാക്കാം എന്നറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കും വരെ 1,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 പശു വളർത്തൽ പദ്ധതി (നം.30/17)നിർവ്വഹണത്തിലെ അപാകതകൾ

പശു വളർത്തൽ പദ്ധതി (നം.30/17)നിർവ്വഹണത്തിലെ അപാകതകൾ

കർഷകർ പശുവിനെ നേരിട്ട് വാങ്ങുകയും വെറ്റിനറി സർജൻ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള സബ്സിഡി തുക പശുവിനെ വിറ്റ ആളിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയുമാണ് ചെയ്തത്. എന്നാൽ സമീപ പ്രദേശങ്ങളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും പശുക്കളെ വാങ്ങിയതെന്നാണ് പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നത്. സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരത്തിലെ പദ്ധതി നിർവ്വഹണം മേൽലക്ഷ്യം കൈവരിക്കുവാൻ സഹായകരമാവില്ല.

പശുവിനെ വിറ്റ വ്യക്തികളുടെ അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ തയ്യാറാക്കി നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് അല്ലാതെ മറ്റ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

പശു കൈമാറ്റം സംബന്ധിച്ച ചില വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | പശുവിനെവിറ്റ വ്യക്തി | അഭിപ്രായം |
|---|---|---|---|
| 1 | ഷഹ്ലബാനത്ത്, കുണ്ടുമൺ, വെളിച്ചിക്കാല | സബീന,,കുണ്ടുമൺ, വെളിച്ചിക്കാല | ഒരേ സ്ഥലം |
| 2 | ശ്രീകുമാരി, തഴുത്തല, കൊട്ടിയം | ലക്ഷ്മികുട്ടി, കിളികൊല്ലൂർ.പി.ഒ | ലക്ഷ്മികുട്ടി യുടെ റേഷൻകാർഡ് പ്രകാരം ശ്രീകുമാരി എന്നൊരു മകൾ ഉണ്ട് |
| 3 | ലുബിന.എസ്, തഴുത്തല, കൊട്ടിയം | മെഹ്റുന്നീസ, ഉമയനല്ലൂർ.പി.ഒ, തഴുത്തല | ഒരേ സ്ഥലം |
| 4 | അനിത.കെ, നോർത്ത് മൈലക്കാട്, കണ്ണനല്ലൂർ.പി.ഒ | ദിലീപ്.റ്റി,കണ്ണനല്ലൂർ, കണ്ണനല്ലൂർ.പി.ഒ | സമീപ സ്ഥലം |
| 5 | ഷാബിദാബീവി.റ്റി, തഴുത്തല | അസീമാബീവി.റ്റി, ചാത്തന്നൂർ | നമ്പരുവിളവീട്, ചാത്തന്നൂർ ശ്രീ.താജുദ്ദീന്റെ മക്കളാണ് ഇരുവരും |
| | മുബീന, വെളിച്ചിക്കാല | ഷീബ.എസ്, വെളിച്ചിക്കാല | സമീപ സ്ഥലം |
| | ഉഷാകുമാരി അമ്മ ആദിച്ചനല്ലൂർ | കൃഷ്ണകുമാരിഅമ്മ, നെടുമ്പന | സഹോദരിമാരാണ്. |

പദ്ധതിയുമായി ബന്ധപ്പെട്ട പശു കൈമാറ്റത്തിലെ ചില ഇടപാടുകൾ സുതാര്യമല്ലാത്തതിനാൽ ഈ പദ്ധതിയിലെ സബ്സിഡി തുകയായ 4,80,000/-രൂപ

ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്നതിന് ട്രഷറിയിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പും മേൽ പരാമർശിച്ചിട്ടുള്ള 7 വ്യക്തികളുടേയും അക്കൌണ്ടിലോയ്ക്ക് സബ്സിഡിയും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെയുള്ള തുക ക്രെഡിറ്റ് ചെയ്തുവെന്ന് ബോധ്യപ്പെടുന്നതിന് ടിയാളുകളുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

കർഷകർ പശുവിനെ നേരിട്ട് വാങ്ങുകയും വെറ്ററിനറിസർജൻ ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള സബ്സിഡി തുക പശുവിനെ വിറ്റആളിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് നൽകുകയുമാണ് ചെയ്തത്.എന്നാൽ സമീപപ്രദേശങ്ങളിൽ നിന്നും അടുത്ത ബന്ധുക്കളിൽ നിന്നും പശുക്കളെ വാങ്ങിയതെന്നാണ് പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നത്.സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരത്തിലെ പദ്ധതി നിർവ്വഹണം മേൽലക്ഷ്യം കൈവരിക്കുവാൻ സഹായകരമാവില്ല.

പശുവിനെ വിറ്റ വ്യക്തികളുടെ അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ തയ്യാറാക്കി നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് അല്ലാതെ മറ്റ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

പശു കൈമാറ്റം സംബന്ധിച്ച ചില വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | പശുവിനെവിറ്റവ്യക്തി | അഭിപ്രായം |
|---|---|---|---|
| 1 | ഷഹ്ബാനത്ത്, കുണ്ടുമൺ,വെളിച്ചിക്കാല | സബീന,,കുണ്ടുമൺ, വെളിച്ചിക്കാല | ഒരേ സ്ഥലം |
| 2 | ശ്രീകുമാരി,തഴുത്തല, കൊട്ടിയം | ലക്ഷ്മികുട്ടി, കിളികൊല്ലൂർ.പി.ഒ | ലക്ഷ്മികുട്ടി യുടെ റേഷൻകാർഡ് പ്രകാരം ശ്രീകുമാരി എന്നൊരു മകൾ ഉണ്ട് |
| 3 | ലുബിന.എസ്,തഴുത്തല, കൊട്ടിയം | മെഹ്റുന്നീസ,ഉമയനല്ലൂർ.പി.ഒ, തഴുത്തല | ഒരേ സ്ഥലം |
| 4 | അനിത.കെ,നോർത്ത് മൈലക്കാട്, കണ്ണനല്ലൂർ.പി.ഒ | ദിലീപ്.റ്റി,കണ്ണനല്ലൂർ, കണ്ണനല്ലൂർ.പി.ഒ | സമീപ സ്ഥലം |
| 5 | ഷാബിദാബീവി.റ്റി, തഴുത്തല | അസീമാബീവി.റ്റി, ചാത്തന്നൂർ | നമ്പരുവിളവീട്, ചാത്തന്നൂർ ശ്രീ.താജുദ്ദീന്റെ മക്കളാണ്ഇരുവരും |
| | മുബീന,വെളിച്ചിക്കാല | ഷീബ.എസ്,വെളിച്ചിക്കാല | സമീപ സ്ഥലം |
| | ഉഷാകുമാരി അമ്മ | കൃഷ്ണകുമാരിഅമ്മ, | സഹോദരിമാരാണ്. |

ആദിച്ചനല്ലൂർ നെടുമ്പന

പദ്ധതിയുമായി ബന്ധപ്പെട്ട പശു കൈമാറ്റത്തിലെ ചില ഇടപാടുകൾ സംശയാസ്പദമായതിനാൽ ഈ പദ്ധതിയിലെ സബ്സിഡി തുകയായ4,80,000/-രൂപാട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്നതിന് ട്രഷറിയിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 175000 | വികലാംഗരായകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 171875 | 3125 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 175000 | വികലാംഗരായകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 171875 | 3125 |
| ജില്ലാപഞ്ചായത്ത് | 2016-17 | 120000 | നെൽകൃഷിവികസനം | 120000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 281330 | പാലിന് സബ്സിഡി | 281330 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | എസ്.സി കോളനികളിൽ പൈപ്പ്കണക്ഷൻ | 21601219/27-03-17 | 1500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| കേരളാ വാട്ടർ അതോറിറ്റി | 1,20 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | STSB 2133906/16-03-17 | 390000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഇല്ല

**4-4** <u>വായ്പാ /വായ്പാ തിരിച്ചടവ്</u>

ഇല്ല

**4-5** <u>സ്ഥിര നിക്ഷേപങ്ങൾ</u>

ഇല്ല

**4-6** <u>ഓഡിറ്റ് റിക്കവറി</u>

ഇല്ല

**4-7** <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2007-08 | 3-8-1 | അക്ഷയ പദ്ധതി പരാജയം | ഗവ.നിർദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

**4-8** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61680972 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57140502 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4578891 |

**(ബി).** <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 53001 | ഡോ.ഹരി നമ്പൂതിരി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-3 | 99999 | സ്വപ്നകുമാരി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3-8 | 4245591 | ബിജു.സി.നായർ, സെക്രട്ടറി |
| 3-11 | 100000 | ഡോ.സി.ഡി.മനോജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-12 | 33600 | ബാബു.ആർ, ഹെഡ് മാസ്റ്റർ |
| 3-13 | 600000 | ഡോ.ഷേർലി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-15 | 46700 | എം.വിനോദ്കുമാർ, അസി.സെക്രട്ടറി |
| 3-16 | 100000 | എം.വിനോദ്കുമാർ, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | LFQ P1/1198(4)/14dt.13-06-14 |
| 1998-99 | LFQ P1/1198(5)/14dt.13-06-14 |
| 1999-2000 | LFQ P1/1198(6)/14dt.13-06-14 |

| | |
|---|---|
| 2000-01 | LFQ P1/1198(7)/14dt.13-06-14 |
| 2001-02 | LFQ P1/1198(8)/14dt.13-06-14 |
| 2002-03 | LFQ P1/1198(9)/14dt.13-06-14 |
| 2003-04<br>2004-05 | LFQ P1/1198(10)/14dt.13-06-14 |
| 2005-06 | LFQ P1/1198(11)/14dt.13-06-14 |
| 2006-07 | LFQ P1/1198(12)/14dt.13-06-14 |
| 2007-08 | LFQ P1/1198(13)/14dt.13-06-14 |
| 2008-09 | LFQ P1/1198(14)/14dt.13-06-14 |
| 2009-10 | LFQ P1/1198(15)/14dt.13-06-14 |
| 2010-11 | LFQ P1/1198(16)/14dt.13-06-14 |
| 2011-12 | LFQ P1/553/14 dt.1-04-14 |
| 2012-13 | LFQ.P1/879/14 dt.23-03-15 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം
കെ.എസ്.എ. കെ.എൽ.എം - പി.5-1244/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 10/07/2017.

## സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം